*⇨ കള്ളപ്പണത്തിന്റെ ആറ് ശതമാനത്തിൽ താഴെ മാത്രമാണ് കറൻസിയായി സൂക്ഷിക്കപ്പെടുന്നത് ⇨*

# നോട്ടുനിരോധനം എന്ന മനുഷ്യത്വരഹിതമായ കൊള്ള


നോട്ടുനിരോധനം ഇന്ത്യയിലെ സാധാരണക്കാരിൽ ഏൽപ്പിച്ചിരിക്കുന്ന ആഘാതങ്ങൾ സർക്കാരിന് ഒരു പ്രതിസന്ധിയും സൃഷ്ടിക്കുന്നില്ല എന്നതുതാണ് നാം എത്തി നിൽക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി.

■ എസ്. മുഹമ്മദ് ഇർഷാദ്

**നരേന്ദ്രമോദി** സർക്കാർ കഴിഞ്ഞ രണ്ടര വർഷം കൊണ്ട് രാജ്യത്തുണ്ടാക്കിയ സാമ്പത്തിക മാറ്റങ്ങൾ പ്രത്യേകിച്ചും സാധാരണജനത്തിന്റെ നിത്യജീവിതത്തെ സ്പർശിക്കുന്നവയുടെ കണക്കെടുത്താൽ അത് വട്ടപ്പൂജ്യം തന്നെയാണ്. കേവല വൈകാരികതയും മതദേശീയതയും സാധാരണക്കാരുടെ നിത്യജീവിതത്തിന്റെ ഭാഗമായി എന്നതൊഴിച്ചാൽ മറ്റു നേട്ടങ്ങൾ ഒന്നും തന്നെ ജനങ്ങൾക്ക് നൽകാൻ മോദി സർക്കാറിന് കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. പ്രധാനമന്ത്രിയുടെ നവംബർ എട്ടിലെ നോട്ടുനിരോധനത്തിന്റെ നാടകീയ പ്രസ്താവന രാജ്യത്തെ ഒരു വലിയ വിഭാഗം നിർദ്ധന ജനങ്ങൾ ആവേശത്തോടെയാണ് സ്വീകരിച്ചത്. കാരണം പ്രധാനമന്ത്രി അവരോട് ആവശ്യപ്പെട്ടത് രാജ്യത്ത് കുന്നുകൂടിക്കിടക്കുന്ന കള്ളപ്പണം പിടിച്ചെടുക്കാൻ നിങ്ങളെല്ലാം സഹകരിക്കണമെന്നായിരുന്നു. തുടക്കത്തിൽ ജനങ്ങൾ അത് സ്വീകരിക്കാൻ തന്നെ സന്നദ്ധരായി. എന്നാൽ എതാനും ദിവസത്തിനുള്ളിൽത്തന്നെ ഈ നയത്തിന്റെ അശാസ്ത്രീയതയും നോട്ടുമാറലിന്റെ പ്രായോഗിക പ്രശ്നങ്ങളും ജനങ്ങൾക്ക് അനുഭവപ്പെട്ടു തുടങ്ങി.

**കള്ളപ്പണത്തിന്റെ സംരക്ഷണം**

പ്രധാനമന്ത്രിയുടെ വാക്കുകൾ വിലയ്ക്കെടുക്കുകയാണെങ്കിൽ രാജ്യത്തെ നികുതിവെട്ടിച്ച കള്ളപ്പണം മുഴുവൻ ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകെട്ടുകളായി സൂക്ഷിച്ചിരിക്കുകയാണ് എന്ന് തോന്നും. എന്നാൽ കണക്കുകൾ പ്രകാരം, കള്ളപ്പണത്തിന്റെ ആറ് ശതമാനത്തിൽ താഴെ മാത്രമാണ് കറൻസിയായി സൂക്ഷിക്കപ്പെടുന്നത്. മാത്രമല്ല ഇന്ത്യയിൽ വ്യാപകമായി കള്ളപ്പണം സൂക്ഷിക്കപ്പെടുന്നത് ഭൂമിയിലും മറ്റ് ഇടപാടുകളിലുമാണ്. ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നത് ഖനന മേഖലയാണ്. ഖനന മേഖലയിലെ സാമ്പത്തിക ക്രമക്കേടുകൾ പരിശോധിക്കാൻ നിയോഗിച്ച എം.ബി. ഷാ കമ്മിറ്റി കണ്ടെത്തിയത് രാജ്യത്തെ അനധികൃത ഖനന മേഖലയിൽ നിന്നും 59,000 കോടി രൂപയുടെ വരുമാനം ഉണ്ടാകുന്നു എന്നാണ്. ഈ ഖനനങ്ങൾ എല്ലാം തന്നെ നിയന്ത്രിക്കുന്നത് രാജ്യത്തെ വൻകിട ഖനന കമ്പനികളാണ്. ഈ അനധികൃത സമ്പത്ത് പ്രമുഖ ഖനന കമ്പനികളുടെ വരുമാനത്തിന്റെ ഭാഗമയിത്തീരുകയും ചെയ്യുന്നു. രാജ്യത്ത് കള്ളപ്പണം അഥവാ നികുതി അടയ്ക്കാത്ത പണം കുമിഞ്ഞുകൂടുന്നത് വൻകിട കോർപ്പ




നോട്ട് നിരോധനം മൂലം 12 ലക്ഷം കോടി രൂപയുടെ ചിലവാണ് ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കുന്ന സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കോണമിയുടെ ഗ്രാഫ്.

റേറ്റുകളുടെ കൈയിലാണ് എന്നതിന് ഒരു ചെറിയ ഉദാഹരണം മാത്രമാണിത്. കള്ളപ്പണത്തെ വെളുപ്പിക്കാൻ കഴിയുന്ന വിധത്തിലാണ് പല കോർപ്പറേറ്റ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. റിലയൻസിന്റെ കാര്യം തന്നെ പരിശോധിക്കാം. നിരവധി കമ്പനികൾ അവർ അവരുടെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതായി കാണാം. ഈ കമ്പനികളെല്ലാം ചേർന്ന് ഓഹരി വിലയിൽ തിരിമറി നടത്തിയും പൊതുമേഖലാ ബാങ്കുകളിൽ നിന്നും വായ്പകളെടുത്തും വലിയ രീതിയിൽ സാമ്പത്തിക ലാഭമുണ്ടാക്കുന്നുണ്ട്. ഇത്തരം സാമ്പത്തിക തട്ടിപ്പുകൾ സാധ്യമാകും വിധത്തിലാണ് രാജ്യം ഭരിച്ച രാഷ്ട്രീയ പാർട്ടികൾ ഇന്ത്യയെ എത്തിച്ചിരിക്കുന്നത്. കള്ളപ്പണം മാത്രമല്ല പ്രശ്നം എന്ന് പറയുന്നത് അതുകൊണ്ടാണ്. കള്ളപ്പണത്തിലൂടെ സ്ഥാപിച്ചെടുത്ത ഒരു ചൂഷണവ്യവസ്ഥിതിയെ മറികടക്കാൻ കഴിയുന്നില്ല എന്നതാണ് പ്രധാനമായും ചിന്തിക്കേണ്ട കാര്യം.

**കള്ളപ്പണവും സാധാരണക്കാരും**

97 ശതമാനം വരുന്ന ഇന്ത്യയിലെ അസംഘടിത മേഖല നിലനിൽക്കുന്നത് നേരിട്ടുള്ള പണമിടപാടുകൾ വഴിയാണ്. രാജ്യത്തെ സാമ്പത്തിക വ്യവസ്ഥിതിയെ നിലനിർത്തുന്നത് ഇത്തരം സാമ്പത്തിക ഇടപാടുകളാണ്. നോട്ടുനിരോധനം വന്നതോടെ അസംഘടിത മേഖലയിലെ ഇടപാടുകൾക്ക് നിയന്ത്രണം വന്നു. കഴിഞ്ഞ രണ്ട് മാസത്തിലധികമായി രാജ്യത്തെ അസംഘടിത മേഖല പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. പണമിടപാടുകൾ നടത്താൻ കഴിയാത്തതു മൂലം നഷ്ടപ്പെടുന്ന തൊഴിൽദിനങ്ങളോ, തൊഴിലാളി സമൂഹം എത്തിച്ചേർന്നിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയോ പരിഹരിക്കാൻ കഴിയുന്ന നയപരിപാടികളൊന്നും തന്നെ മുന്നോട്ടുവയ്ക്കാൻ സർക്കാറിന് കഴിഞ്ഞിട്ടില്ല. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലെ അസംഘടിത മേഖലയിൽ ഉണ്ടായ സാമ്പത്തിക ചോർച്ചയെപ്പറ്റി ഇതിനോടകം തന്നെ പഠനങ്ങളും വിശകലനങ്ങളും വന്നുകഴിഞ്ഞു. എന്നാൽ ഇത്തരം പ്രതിസന്ധികളോ, അതുണ്ടാക്കുന്ന സാമ്പത്തിക അസമത്വങ്ങളോ സർക്കാറിനെ ബാധിക്കുന്ന തരത്തിലല്ല തങ്ങളുടെ സാമ്പത്തിക ഘടന നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ അസംഘടിത തൊഴിലാളികളും ചെറുകിട കച്ചവടക്കാരും കൃഷിക്കാരും അടങ്ങുന്ന സമൂഹം നോട്ടുനിരോധനത്തെ തുടർന്ന് അനുഭവിക്കുന്ന പ്രശ്നങ്ങൾ സർക്കാരിനെ ബാധിക്കുന്നതേയില്ല. ഇത് നമ്മൾ വളരെ ഗൗരവത്തോടെ കാണേണ്ട ഒരു വിഷയമാണ്. നോട്ടുനിരോധനം ഇന്ത്യയിലെ സാധാരണക്കാരിൽ ഏൽപ്പിച്ചിരിക്കുന്ന ആഘാതങ്ങൾ സർക്കാരി



ന് ഒരു പ്രതിസന്ധിയും സൃഷ്ടിക്കുന്നില്ല എന്നതുതന്നെയാണ് നാം എത്തിനിൽക്കുന്ന പ്രതിസന്ധി.

## പണരഹിത സമ്പദ്‌വ്യവസ്ഥ

കള്ളപ്പണം തടയാനാണ് നോട്ടുനിരോധനമെന്നാണ് പ്രധാനമന്ത്രി ആദ്യം പറഞ്ഞത്. ഇന്ത്യയിലെ സാധാരണ ജനങ്ങളുടെ യുക്തിക്ക് ചേരുന്ന ഒരു കാരണമായിരുന്നു അത്. എന്നാൽ ആഴ്ചകൾ കഴിഞ്ഞതോടെ ഈ ചിത്രം മാറി. പണരഹിത സമ്പദ്‌വ്യവസ്ഥിതി കൊണ്ടുവരുന്നതിന് വേണ്ടിയാണ് നോട്ടുനിരോധനം ഏർപ്പെടുത്തിയത് എന്നായി പിന്നീട് പ്രധാനമന്ത്രി. എന്നാൽ ഈ കാരണം സാമാന്യജനത്തിന്റെ യുക്തിക്ക് നിരക്കാത്തതും അവരുടെ യുക്തിയെ പരിഹസിക്കുന്നതുമായിരുന്നു. കാരണം, ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും പണരഹിത സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ആലോചിക്കുന്നതിന് ആവശ്യമായ ഒരു ബാങ്ക് അക്കൗണ്ട് പോലുമില്ല എന്നതാണ് സത്യം. ഈ ജനവിഭാഗം അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകളായി കൈകാര്യം ചെയ്തിരുന്ന പണത്തിന്റെ 85 ശതമാനത്തോളം ബാങ്കുകളിൽ തിരികെയെത്തിക്കഴിഞ്ഞു. പണം ബാങ്കിലേക്ക് മടങ്ങിയെത്തിയ സ്ഥിതിക്ക് അതിന് സമാനമായ തോതിൽ പണം അച്ചടിച്ച് വിതരണം ചെയ്യേണ്ട ബാധ്യത സർക്കാരിനും റിസർവ് ബാങ്കിനുമുണ്ട്. എന്നാൽ റിസർവ് ബാങ്കിന്റെ കണക്ക് പ്രകാരം തിരിച്ചെത്തിയ പണത്തിന്റെ 30 ശതമാനം മാത്രമേ ഡിസംബർ മാസം പിന്നിടുമ്പോഴും പുതുതായി അടിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതായത് രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ധനവിനിമയം തകർന്നു എന്നർത്ഥം. ഇതിലേറെയും രാജ്യത്തെ ദരിദ്രരിൽ ദരിദ്രരായ ജനങ്ങളാണ് എന്നതുകൊണ്ടാണ് നോട്ടുനിരോധനം മനുഷ്യത്വരഹിതമായ കൊള്ളയായിത്തീരുന്നത്. കൂലിപ്പണിക്കാരും ചെറുകിട കച്ചവടക്കാരുമായ ഒരു ജനവിഭാഗത്തിന്റെ ക്രയവിക്രയം തടയാൻ സർക്കാരിന് എന്ത് അവകാശമാണുള്ളത്?

സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കോണമിയുടെ റിപ്പോർട്ട് പ്രകാരം നോട്ട് നിരോധനം മൂലം 12 ലക്ഷം കോടി രൂപയുടെ ചിലവാണ് ഉണ്ടായിരിക്കുന്നത്. അതായത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അടിസ്ഥാന മേഖലാ നിക്ഷേപത്തിന്റെ പതിൻ മടങ്ങാണ് നോട്ട് നിരോധനത്തെ തുടർന്ന് സർക്കാരും ഇതര ഏജൻസികളും ചിലവാക്കിയത് എന്നർത്ഥം. ഈ പണം രാജ്യത്തെ നികുതി പണം കൂടിയാണ്. ജനങ്ങളിൽ നിന്നും നികുതിയായി പിരിച്ചെടുത്ത പണം തന്നെയാണ് അവർക്ക് ഉപദ്രവമായിത്തീർന്ന നോട്ട്നിരോധന തീരുമാനം നടപ്പിലാക്കുന്നതിനായി ചെലവഴിക്കപ്പെട്ടത്.

റിസർവ് ബാങ്കിന്റെ പ്രസക്തി പോലും നഷ്ടപ്പെടുത്തുന്ന തരത്തിലാണ് സർക്കാർ ഏകപക്ഷീയമായി ഈ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ബാങ്കിന് സംഭവിക്കുന്ന മാറ്റം അന്തർദേശീയ തലത്തിലും പ്രതിസന്ധികൾ സൃഷ്ടിക്കും. ആഗോള സാമ്പത്തിക പ്രതിസന്ധികളിൽ നിന്നും ഇന്ത്യയെ രക്ഷിച്ചിട്ടുള്ളത് ശക്തമായ പൊതുമേഖലാ ബാങ്കുകളാണ്. എന്നാൽ നോട്ടുനിരോധനം പോലെയുള്ള നടപടികളിലൂടെ ബാങ്കുകൾക്ക് നഷ്ടപ്പെടുന്ന വിശ്വസതയും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ■

**കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...**

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം : 15,000 രൂപ.
ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
*ബന്ധങ്ങൾക്ക് :*
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943